പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# സസ്റ്റെയിനബിൾ ഇൻകം ജനറേറ്റിംഗ് സ്കീം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1322

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, എം.എ. വാഹീദ്<br>,, ഐ.സി. ബാലകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 'ഗ്രാമവികസന വകുപ്പ്' 'സസ്റ്റെയിനബിൾ ഇൻകം' ജനറേറ്റിംഗ് സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണ ജനതയുടെ തൊഴിലില്ലായ്മയും ദാരിദ്ര്യവും ലഘൂകരിക്കുന്നതിനായി സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ മാതൃകയിൽ സ്വയം സഹായ സംഘങ്ങളിലൂടെ സ്വയംതൊഴിൽ നടപ്പിലാക്കുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റ് സസ്റ്റൈനബിൾ ഇൻകം ജനറേഷൻ ഫോർ സെൽഫ് ഹെൽപ് ഗ്രൂപ്സ് (സ്വയം സഹായ സംഘങ്ങൾക്കുള്ള സുസ്ഥിര വരുമാന പദ്ധതി) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ബാങ്ക് ലോണും സർക്കാർ ധനസഹായവും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി അവരെ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുത്തി അതുവഴി സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | തൊള്ളായിരത്തി എഴുപത്തെട്ട് ഗ്രാമപഞ്ചായത്തുകളിലായി ഏറ്റവും കുറഞ്ഞത് 978 സ്വയം തൊഴിൽ സംരംഭങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കുന്നത്. |
| (സി) | സ്വയം സഹായ സംഘങ്ങൾക്ക് വായ്പയും സബ്സിഡിയും നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | എസ്.ജി.എസ്.വൈ യുടെ ഭാഗമായി ദാരിദ്ര്യ രേഖ ലിസ്റ്റിൻപ്രകാരം തിരഞ്ഞെടുത്ത് ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പ്രവർത്തന ക്ഷമമായ സ്വയം സഹായ സംഘങ്ങളെയാണ് തിരഞ്ഞെടുക്കുന്നത്.<br><br>**(i)** ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന പുരുഷൻമാർ മാത്രം അംഗങ്ങളായിട്ടുള്ളതോ സ്ത്രീകൾ മാത്രം അംഗങ്ങളായിട്ടുള്ളതോ, പുരുഷൻമാരും സ്ത്രീകളും ചേർന്നതോ ആയ ഗ്രേഡിംഗ് പൂർത്തീകരിച്ചിട്ടുള്ള സംഘങ്ങൾ സ്കീമിൽ തിരഞ്ഞെടുക്കുവാൻ അർഹരാണ്.<br>**(ii)** ഓരോ ഗ്രാമപഞ്ചായത്തിനും തിരഞ്ഞെടുക്കുന്ന ഓരോ സ്വയം സഹായ സംഘത്തിനും ഏറ്റെടുക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ പദ്ധതി രേഖ ഉണ്ടാകണം. തിരഞ്ഞെടുക്കപ്പെട്ട ഓരോ സംഘത്തിലും ഏറ്റവും കുറഞ്ഞത് അഞ്ച് അംഗങ്ങളും കൂടിയത് 10 അംഗങ്ങളും ഉണ്ടാവും. 5 അംഗങ്ങൾ ഉൾപ്പെട്ട സംഘത്തിന് സർക്കാർധനസഹായം 50,000/- രൂപയും, പത്തംഗങ്ങൾ ഉൾപ്പെട്ടതിന് സർക്കാർ ധനസഹായം 1,00,000/- |

| | | | |
|---|---|---|---|
| | | | രൂപയും ലഭിക്കുന്നതാണ്.<br>**(iii)** എല്ലാ ഗ്രാമപഞ്ചായത്തുകളിലും അർഹതയുള്ള സംഘങ്ങളുടെ ലിസ്റ്റ് ബ്ലോക്ക് അധികൃതർ തയ്യാറാക്കി പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സംഘത്തെ തിരഞ്ഞെടുക്കാം. |
| (ഡി) | ഇതിന്റെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും പദ്ധതി തയ്യാറാക്കി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം തേടി. പദ്ധതി നിർവ്വഹണത്തിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരിക്കുന്ന പത്തുകോടി രൂപ തൽവർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. 2013-14 വർഷം 10 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകി. |

സെക്ഷൻ ഓഫീസർ